# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 547 06.02.2013-ലെ മറുപടിക്ക്

## ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2012 ഡിസംബർ 31 വരെയുള്ള പ്രാഥമിക കണക്കുകൾ അനുസരിച്ച് 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 30,436 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 24,727 കോടി രൂപയേക്കാൾ 23.09 ശതമാനം കൂടുതലാണ്. ഇതേ കാലയളവിൽ റവന്യു ചെലവ് 36,188 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 31,744 കോടി രൂപയേക്കാൾ 14 ശതമാനം കൂടുതലാണ്. വകുപ്പുതല കണക്ക് പ്രകാരം 31.01.2013 -ൽ ട്രഷറി ബില്ലുകളിലായി 4753.47 കോടിയുടെ നിക്ഷേപം ഉണ്ടായിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഓവർ ഡ്രാഫ്റ്റ്, സ്പെഷ്യൽ വെയ്സ് & മീൻസ് അഡ്വാൻസ്, വെയ്സ് & മീൻസ് അഡ്വാൻസ് എന്നിവ എടുക്കേണ്ടി വന്നിട്ടില്ല. ഇത് സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട സാമ്പത്തിക നിലയെ സൂചിപ്പിക്കുന്നു. |
| (ബി) | 2013 ജനുവരി 31 വരെ മൊത്തം ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്; | 2013 ജനുവരി മാസത്തെ കണക്കുകൾ തീർപ്പാക്കിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ 2012 ഡിസംബർ 31 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം ബഡ്ജറ്റ് വിഹിതത്തിന്റെ 57.82 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. |
| (സി) | 2012-2013 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത റവന്യു കളക്ഷന്റെ എത്ര ശതമാനം ഇതുവരെ കളക്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | അക്കൗണ്ടന്റ് ജനറലിന്റെ 2012 ഡിസംബർ 31 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2012-2013 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത റവന്യു വരുമാനത്തിന്റെ 63.22 ശതമാനം സമാഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ